(സി) സെക്ഷൻ ആഫീസ് പണിയാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. അത് തയ്യാറാക്കി, ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്.

കരുനാഗപ്പള്ളി മണ്ഡലത്തിലെ വൈദ്യുതവൽക്കരണത്തിന് അടിയന്തിര നടപടി

23 [341] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ വൈദ്യുതവൽക്കരണത്തിനായി എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച പണം ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ഏതുഘട്ടംവരെ പൂർത്തിയായി എന്ന് വിശദമാക്കുമോ;

(ബി) പോസ്റ്റുകൾ, കമ്പി തുടങ്ങിയ അനുബന്ധ ഉപകരണങ്ങളുടെ അഭാവം മൂലമാണ് വൈദ്യുതിവൽക്കരണ പ്രവർത്തനം തടസ്സപ്പെടുന്നതെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അടിയന്തിരമായി വൈദ്യുതീകരണത്തിനാവശ്യമായ സാധനങ്ങൾ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി സൗത്ത് സെക്ഷന്റെ കീഴിലുള്ള 7 വർക്കുകൾ ചെയ്തു കഴിഞ്ഞു. ഓച്ചിറ സെക്ഷനിലെ 7 വർക്കുകളും കരുനാഗപ്പള്ളി നോർത്ത് സെക്ഷനിലെ 9 വർക്കുകളും ചെയ്തുതീർക്കേണ്ടതായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

വൈദ്യുതി ബോർഡിലെ വാഹന വാടകയിനത്തിൽ ചെലവായ തുക

24 [342] ശ്രീ. പി. കെ. കെ. ബാവ:
„ പി. കെ. അബ്ദുറബ്ബ്:
„ ഇസ്ഹാക് കുരിക്കൾ:
„ സി. മൊയിൻകുട്ടി:
„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ വാഹന വാടകയിനത്തിൽ കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ ചെലവായ തുക ഓരോ ഡിവിഷനിലും എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) തെരുവ് വിളക്ക് കത്തിക്കുന്നതിന് നിയുക്തരായിട്ടുള്ളവരെ, ഇപ്പോൾ കരാറടിസ്ഥാനത്തിൽ ബോർഡിന്റെ ആവശ്യത്തിനായി ലഭ്യമാക്കിയിട്ടുള്ള വാഹനം ഉപയോഗിക്കുന്നതിന് അനുവദിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly